പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2289 **27-10-2026-ൽ മറുപടിയ്ക്ക്**

ഐ.ടി. മേഖലയുടെ സമഗ്ര പരിഷ്കരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) ഐ.ടി. മേഖലയുടെ സമഗ്ര പരിഷ്കരണത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

മറുപടി: ഐ.ടി. മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.:

1. **ഐ.ടി. നയം 2026:** ഐ.ടി. മേഖലയുടെ സമഗ്രമായ പരിഷ്കരണത്തിനും സാമ്പത്തിക വളർച്ചയ്ക്കുമായി സർക്കാർ ഐ.ടി. നയം 2026 അവതരിപ്പിച്ചിട്ടുണ്ടെന്ന് മാത്രമല്ല, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തെ ആഗോളതലത്തിൽ അറിയപ്പെടുന്ന ഒരു വൈജ്ഞാനിക സമ്പദ്വ്യവസ്ഥയായും (Knowledge Economy) ഇന്നൊവേഷൻ ഹബ്ബായും മാറ്റുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- വികേന്ദ്രീകൃതമായ വികസനത്തിലൂടെ സുസ്ഥിര ഐ.ടി. ഇടനാഴികൾ വ്യാപിപ്പിക്കുക, സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുക, രാജ്യത്തെ ഐ.ടി. വിപണിയുടെ 10 ശതമാനം വിഹിതം കൈവരിക്കുക (ഏകദേശം 50 ബില്യൺ ഡോളർ), ഐ.ടി. മേഖലയിൽ 5 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഈ നയം പ്രധാനമായും ലക്ഷ്യമിടുന്നത്.
- കെ.ഫോൺ (KFON), സംസ്ഥാനത്തുടനീളമുള്ള 5ജി കണക്റ്റിവിറ്റി എന്നിവയിലൂടെയുള്ള ഹൈ-സ്പീഡ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, ഗ്ലോബൽ കപ്പബിലിറ്റി സെന്ററുകൾക്ക് (GCC) നഗരങ്ങളിൽ നൽകുന്ന പ്രത്യേക സൗകര്യങ്ങൾ, കൂടാതെ ബഹിരാകാശം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ക്വാണ്ടം കമ്പ്യൂട്ടിംഗ് തുടങ്ങിയ അത്യാധുനിക മേഖലകൾക്കായി കെ-സ്പേസ് (KSPACE) പോലുള്ള പ്രത്യേക ഹൈ-ടെക് ഹബ്ബുകൾ സ്ഥാപിക്കൽ എന്നിവയും ഈ നയത്തിലെ പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു.

2. സ്വകാര്യ ഐ.ടി പാർക്കുകളുടെ അഫിലിയേഷൻ : കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്വകാര്യ ഐ.ടി പാർക്കുകളെ സർക്കാർ ഐ.ടി പാർക്കുകളുടെ ശൃംഖലയുമായി (Co-developer/Affiliate) ബന്ധിപ്പിച്ചു പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

3. Kerala Tech ബ്രാൻഡിംഗ് : പരമ്പരാഗത ഐ.ടി രീതികളിൽ നിന്ന് മാറി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഡീപ് ടെക്, എമർജിംഗ് ടെക്നോളജികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനായി 'കേരള ടെക്' എന്ന പേരിൽ ഏകീകൃത പ്ലാറ്റ്ഫോം രൂപീകരിച്ചിട്ടുണ്ട്.

4. എ റോഡ് ടു ദി കേരള ഗ്ലോബൽ കേഷബിലിറ്റി സെന്റർ പോളിസി 2026–2031: കൊച്ചി, തിരുവനന്തപുരം എന്നീ സാങ്കേതിക ഹബ്ബുകളിലും സംസ്ഥാനത്ത് വളർന്നുവരുന്ന മറ്റ് സാങ്കേതിക ഹബ്ബുകളിലും ജി.സി.സി-കളെ ആകർഷിക്കുന്നതിനും നിക്ഷേപം ലഭ്യമാക്കുന്നതിനുമായി "എ റോഡ് ടു ദി കേരള ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ പോളിസി 2026–2031" ന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

5. ഡിജിറ്റൽ സയൻസ് പാർക്കും CAIK പ്രോജക്ടും: ഡിജിറ്റൽ യൂണിവേഴ്സിറ്റി ഐ. ടി മേഖലക്കായി തുടങ്ങിയ ഡിജിറ്റൽ സയൻസ് പാർക്ക് പുരോഗതിയിലാണ്. നിലവിലെ പ്രോജക്ടുകൾക്കു പുറമെ AI-അധിഷ്ഠിതമായ CAIK എന്ന പ്രോജക്ട് നടപ്പിലാക്കുന്നു. ഇതിന്റെ നടത്തിപ്പിലൂടെ High Skilled Employment, Generation and Commercialization of IP, Local Language AI application തുടങ്ങിയവ ലക്ഷ്യമിടുന്നു.

6. കെ.എസ്.ഐ.ടി.ഐ.എൽ (KSITIL) പദ്ധതികൾ: ഐ.ടി പാർക്കുകളിലെ ഭൂമി ദീർഘകാല പാട്ടത്തിന് നൽകി നിക്ഷേപവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നു. കോഴിക്കോട് സൈബർപാർക്കിലെ മുഴുവൻ ഭൂമിയും ഐ.ടി സംരംഭകർക്ക് പാട്ടത്തിന് നൽകി കഴിഞ്ഞു. കൊരട്ടി, ചേർത്തല എന്നിവിടങ്ങളിൽ വിവിധ സംരംഭകർ ഭൂമി ഏറ്റെടുത്ത് ഐ.ടി വ്യവസായം ആരംഭിക്കാനുള്ള ചർച്ചകൾ നടന്നു വരുന്നു. കണ്ണൂർ ഐ.ടി പാർക്കിന്റെ നിർമ്മാണത്തിനായും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) രാജ്യത്ത് ഏറ്റവും കൂടുതൽ ഐ.ടി. പ്രൊഫഷണലുകൾ ഉള്ള കേരളത്തിൽ ഐ.ടി. പാർക്കുകൾ എല്ലാ ജില്ലകളിലും കൂടുതൽ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> സംസ്ഥാനത്ത് ഐ.ടി മേഖലയുടെ വികേന്ദ്രീകൃത വളർച്ച ലക്ഷ്യമിട്ട് പ്രധാന കേന്ദ്രങ്ങൾക്ക് പുറമെ അനുയോജ്യമായ മറ്റ് പ്രദേശങ്ങളിലേക്കും ഘട്ടങ്ങളായി ഐ.ടി ഇൻഫ്രാസ്ട്രക്ചർ വികസിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

ഭൂമിയുടെ ലഭ്യത, കണക്റ്റിവിറ്റി, നിക്ഷേപ സാധ്യതകൾ, കമ്പനികളുടെ താല്പര്യം, പദ്ധതികളുടെ പ്രായോഗികത എന്നിവ മുൻനിർത്തിയാണ് ഐ.ടി പാർക്ക് സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നത്.

സെക്ഷൻ ഓഫീസർ